## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **10-03-2025 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി സമൂഹത്തിന്റെ ഹോം സർവേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെയും ഉന്നതികളുടെയും വ്യക്തികളുടെയും സാമൂഹിക, സാമ്പത്തികാവസ്ഥ സംബന്ധിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്ര വിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെയും ഉന്നതികളുടെയും വ്യക്തികളുടെയും സാമൂഹിക, സാമ്പത്തികാവസ്ഥ സംബന്ധിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സമഗ്ര വിവരശേഖരണം ഹോം - സർവ്വേ വഴി നിലവിൽ നടന്നു കൊണ്ടിരിക്കുന്നു. ഓരോ പട്ടികജാതി കുടുംബങ്ങളുടെയും വിവരങ്ങൾ 200-ൽ പരം ചോദ്യങ്ങൾ ഉപയോഗിച്ച് പട്ടികജാതി പ്രൊമോട്ടർമാർ വഴിയാണ് ശേഖരിച്ച് വരുന്നത്. |
| (ബി) | പട്ടികജാതി സമൂഹത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക പുരോഗതിക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഹോം സർവേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തുമോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി സമൂഹത്തിന്റെ സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക പുരോഗതിക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഹോംസർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്. |
| (സി) | ശേഖരിക്കുന്ന ഡാറ്റയുടെ കൃത്യത ഉറപ്പാക്കി സർവേ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ഹോം സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി പട്ടികജാതി വികസന ഓഫീസർ തലത്തിൽ പ്രൊമോട്ടർമാർ ശേഖരിക്കുന്ന എല്ലാ വിവരങ്ങളുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസർ തലത്തിൽ പട്ടികജാതി വികസന ഓഫീസർമാരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ 10 ശതമാനം വിവരങ്ങളുടയും ഡാറ്റ വാലിഡേഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്. സർവ്വേ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് തലത്തിലും. ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. |
| (ഡി) | ഓരോ കുടുംബത്തിന്റെയും പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ പ്രദേശത്തിനും പ്രത്യേകമായും പൊതുവായും വികസനം ലഭ്യമാകുന്ന | (ഡി) | ഓരോ കുടുംബത്തിന്റെയും പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ പ്രദേശത്തിനും പ്രത്യേകമായും പൊതുവായും വികസനം ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന് ഹോം സർവേയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന് ഹോം സർവ്വേയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി HOME Household oriented Micro planning for Empowerment) എന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസവും ശാക്തീകരണവും ഉന്നമനവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാര യിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങളും പ്രശ്നങ്ങളും കണ്ടെത്തുന്നതിനും അവ പരിഹരിച്ച് പുരോഗതി കൈവരിക്കുന്നതിനായി ഓരോ കുടുംബത്തിനും വേണ്ടി പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും അവലോകനം നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ